Civil Services (Main)
Examination- 2025

SLPM-D-MLY

മലയാളം / MALAYALAM

പേപ്പർ II / Paper II

(സാഹിത്യം) / (LITERATURE)

സമയം : **മൂന്നു** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question/part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതുവാക്കിൽ കവിയരുത്. *10×5=50*

(a) "ഉല്ലാസത്തൊടുവിനതാതനയ -
നുയർന്നുപറന്നാകാശേമറ്റൊരു
പൊല്ലാമക്ഷികതന്നാലാവതു
പൊങ്ങുവതിന്നാരേമുനിയുന്നോർ" *10*

(b) "തേന്മാവിന്മേൽപ്പരഭൃതകുലം ഭംഗമാലാപലാശേ
മാരൻ ക്രൂരമ്പുള ചുഴലവും ചെമ്പകക്കാവുതോറും
തെന്റൽ കന്റുണ്ടിനിയ ബകുളേകിംശുകേ കിംശുകാളീ
നാജീകത്താൻ നളിനിയി, ലവനെങ്ങു നോക്കാവുതന്റ്" *10*

(c) "മറകളുടെ മറപൊരുൾ കളറിവതിനു ചതുരനാം
മാമുനിശ്രേഷ്ഠനും പോയ്മറഞ്ഞീടിനാൻ" *10*

(d) "തിരിയും രസബിന്ദുപോലെയും
പൊരിയും നെൻമണിയെന്നപോലെയും
ഇരിയാതെ മനം ചലിപ്പുഹാ !
ഗുരുവായും ലഘുവായുമാർത്തിയാൽ" *10*

(e) "അണുധൂളിപ്രസാരത്തി -
ന്നവിശുദ്ധദിനങ്ങളിൽ
മുങ്ങിക്കിടന്നു നീപൂർവ്വ
പുണ്യത്തിന്റെ കയങ്ങളിൽ" *10*

Optional Province · optionalprovince.com

Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) "പണ്ടത്തെമേശാന്തി നിന്നുതിരിയുന്നു ചണ്ടിത്തമേറുമീ ഫാക്ടറിക്കുള്ളിൽ ഞാൻ" എന്തായിരുന്നു ആ പരിണാമചരിത്രം ? *20*

(b) ഭൂതകാലത്തിൽ നിന്നു വഴിതെറ്റിവന്നതെന്നു തോന്നിപ്പിക്കുന്ന വൃദ്ധനെ തീവണ്ടിയിലെ പാട്ടിന്റെ തുടക്കത്തിൽ കവി അവതരിപ്പിക്കുന്നതെങ്ങനെ ? *15*

(c) "ആയിരം മണിയുടെ നാക്കടക്കിടാ, മൊറ്റ - വായിലെനാവാർക്കാനും കെട്ടുവാൻ കഴിയുമോ ?" തച്ചന്റെ ഈ ചിന്തയുടെ പൊരുളെന്ത് ? *15*

Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) "വ്യംഗ്യ വ്യഞ്ജകങ്ങളുടെ പ്രയോഗത്തിൽ നിരന്തരം ശ്രദ്ധേയനായ കവിമിത വാഗ്വിഭവനാണ്. വാചാലനാകുന്ന സന്ദർഭങ്ങളേയില്ല. അർത്ഥപുഷ്കലങ്ങളും ആശയവ്യഞ്ജകളുമായ വാക്കുകൾ." കണ്ണശ്ശരാമായണം മുൻനിർത്തിവിവരിക്കുക. *20*

(b) "ചാകാത്തനാളല്ല ഞാനും പിറന്നിതു

പൊട്ടന ത്രേനീസുയോധനാ നിർണ്ണയം"

ഭീഷ്മ വാക്യങ്ങളുടെ അർത്ഥതലങ്ങൾ വ്യക്തമാക്കുക. *15*

(c) സർവ്വംസഹയായ ഭൂമിയെ സർവ്വംസഹയായ മാതാവിലേക്ക് ഒ.എൻ.വി. കുറുപ്പ് സംക്രമിപ്പിക്കുന്നതെങ്ങനെ ? *15*

Optional Province · optionalprovince.com

Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) പാഠ്യഭാഗത്തെ ആസ്പദമാക്കി രാമചരിതഭാഷയുടെ സാമാന്യ സ്വഭാവം വിശദീകരിക്കുക. *20*

(b) കുടിയൊഴിക്കലിലെ ജന്മിയെയും തൊഴിലാളിയെയും വൈലോപ്പിള്ളി കണ്ടെടുത്തത് കേരള ചരിത്രത്തിന്റെ സാമൂഹികഭൂമികയിൽ നിന്നാണെന്ന് പറയാമോ ? *15*

(c) പ്രമേയം, ഭാഷ, ആഖ്യാനം എന്നിവയിൽ തികച്ചും പുതുമപുലർത്തുന്ന കാവ്യമാണ് 'കുരുക്ഷേത്രം' സോദാഹരണം വിശദീകരിക്കുക. *15*

Optional Province · optionalprovince.com

SECTION B

Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത്. *10×5=50*

(a) "എല്ലാം അമ്മ നിശ്ചയിച്ചതാണ് നേരത്തേ നിശ്ചയിച്ചതാണ് " ഈ വാക്യങ്ങൾക്ക് വാനപ്രസ്ഥത്തിന്റെ പ്രമേയ വികാസത്തിലുള്ള സ്ഥാനമെന്ത് ? *10*

(b) മിന്നൽ വേഗത്തിൽ ഗോൾകൊയ്യുന്ന ഹിഗ്വിറ്റയുടെ ആക്ഷനുമായി പാതിരിയുടെ മനോവേഗങ്ങളെ കഥാകൃത്ത് സമന്വയിപ്പിക്കുന്നതെങ്ങനെ ? *10*

(c) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഇന്ദുലേഖയിൽ ചന്തുമേനോൻ ഊട്ടിയുറപ്പിക്കുന്നുണ്ടോ ? വിശദീകരിക്കുക. *10*

(d) ജീവിതം മിഥ്യയാണെന്ന ദാർശനികാശയത്തിന്റെ നാടകീയാവിഷ്കാരമായി 1128-ൻ ക്രൈം 27 മാറുന്നതെങ്ങനെ ? *10*

(e) "ഈ കിളിയ്ക്ക് എന്നും സന്ധ്യയാണുമാഷേ. എന്നാലോ കുടൊട്ടുപറ്റൂമില്ല" മാധവൻ നായരുടെ ഈ വാക്കുകളിലൂടെ അപ്പുക്കിളിയെ പരിചയപ്പെടുത്തുക. *10*

Optional Province · optionalprovince.com

Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) മാരാരുടെ യുക്തിബോധവും പാണ്ഡിത്യവും മനഃശാസ്ത്രജ്ഞാനവും മഹാഭാരത കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും സമീപിക്കുമ്പോൾ അഭിവ്യക്തമാകുന്നതെങ്ങനെ ? *20*

(b) "വി.ടി. ഭട്ടതിരിപ്പാടിന്റെ ഓജസ്സാർന്ന ഗദ്യശൈലിയ്ക്കു ദാഹരണമാണ് 'കണ്ണീരും കിനാവും' എന്ന കൃതി" – സമർത്ഥിക്കുക. *15*

(c) "ദുരന്തങ്ങളുടെ കൊടുങ്കാറ്റുകൾ വിതയ്ക്കുകയും കൊയ്യുകയും ചെയ്ത കഥാപാത്രമാണ് ചെമ്പൻകുഞ്ഞ്. അയാൾ ഒരു ട്രാജിക് ഹീറോതന്നെ" – സമർത്ഥിക്കുക. *15*

Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) "പലർക്കും രുചിക്കാത്ത പലകാര്യങ്ങളും ഇതിലെഴുതിപ്പോയിട്ടുണ്ട്. ക്ഷമിക്കൂ പരമ്പരാഗത സദാചാരബോധത്തിനപ്പുറം നിന്നുകൊണ്ടേ ഇതെഴുതാനാവൂ എന്നധാരണയാണ് എന്നിൽ ആധിപത്യം ചെലുത്തിയത്." എം.കെ. സാനുവിന്റെ ഈ പ്രസ്താവന നക്ഷത്രങ്ങളുടെ 'സ്നേഹഭാജന' ത്തിലേക്കുള്ള പ്രവേശകമാണ്. ശരിയോ ? *20*

(b) "പത്രമാഫീസിൽ മാധ്യമവൃത്തിവിചാരണചെയ്യപ്പെടുന്നു കോടതയിൽ കോടതിതന്നെ വിചാരണയ്ക്കു വിധേയമാകുന്നു." ഈ വൈരുദ്ധ്യങ്ങളെ സി.ജെ. തോമസ്സ് ആക്ഷേപഹാസ്യ രൂപത്തിൽ എങ്ങനെ ആവിഷ്കരിക്കുന്നു ? *15*

(c) "ഒരു പോയകാലത്തിന്റെ ദേശസംസ്കൃതിയും ആചാരവിശേഷങ്ങളുടെ നിറവുമാണ് " സുകൃതം എന്ന എം.ടി. കഥയെ വ്യത്യസ്തമാക്കുന്നത് – ശരിയോ ? *15*

Optional Province · optionalprovince.com

Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) "ഇന്ദുലേഖയിലെ പതിനെട്ടാം അദ്ധ്യായം മാറ്റിനിർത്തിയാലും കഥാഗതിയ്ക്ക് ഒരു ന്യൂനതയുമുണ്ടാവില്ലെന്ന് ചിലർ. അത് ചന്തുമേനോന്റെ ശില്പചാതുരിക്കുതന്നെ ഉദാഹരണമാണെന്ന് മറ്റുചിലർ" സ്വപക്ഷം അവതരിപ്പിക്കുക. *20*

(b) കണ്ണീരുകൊണ്ടുതളരാതെയും കിനാവുകൊണ്ട് മയങ്ങിപ്പോകാതെയും ജീവിതത്തെ അഭിമുഖീകരിക്കേണ്ടതെങ്ങനെ എന്നറിയാനുള്ള ഒരു പാഠപുസ്തകമാണ് വി.ടി.യുടെ 'കണ്ണീരും കിനാവും' – ഉള്ളടക്കം വിശകലനം ചെയ്ത് സ്ഥാപിക്കുക. *15*

(c) "കാൽപ്പനികത തുളുമ്പുന്ന കടപ്പുറം ഭാഷ, കടൽ എന്ന പ്രതിഭാസത്തെ കഥാസന്ദർഭങ്ങളിൽ സന്നിവേശിപ്പിക്കുന്നശില്പതന്ത്രം, പെണ്ണിന്റെ പാതിവ്രത്യനിഷ്ഠ എന്നവിശ്വാസം" – ഇവമൂന്നും എങ്ങനെ ചെമ്മീനിൽ ഗാഢമായി ഉൾച്ചേർന്നിരിക്കുന്നു. *15*

Optional Province · optionalprovince.com